# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാംസമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 4307     28.06.2012ൽ മറുപടിയ്ക്ക്

**ഐ.എച്ച്.ആർ.ഡി വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ കെട്ടിടങ്ങളുടെ അപര്യാപ്തത**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. എം. ആരിഫ് | | ശ്രീ.പി.കെ.അബ്ദു റബ്ബ്<br>(ബഹു. വിദ്യാഭ്യാസ വകുപ്പ് മന്ത്രി) | |
| (എ) | ഐ.എച്ച്. ആർ.ഡി യുടെ കീഴിലുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ വരവും ചെലവും തമ്മിൽ പൊരുത്തപ്പെട്ടു പോകുന്നുണ്ടോ; | (എ) | ഐ.എച്ച്. ആർ.ഡി യുടെ കീഴിലുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ വരവും ചെലവും തമ്മിൽ പൊരുത്തപ്പെട്ടു പോകുന്നില്ലായെന്ന് ഐ.എച്ച്. ആർ.ഡി ഡയറക്ടർ അറിയിച്ചിട്ടുണ്ട്. |
| (ബി) | അരൂർ മണ്ഡലത്തിലെ ചേന്നംപള്ളിപ്പുറത്തുള്ള ഐ.എച്ച്.ആർ.ഡി. എഞ്ചിനീയറിംഗ് കോളേജിന്റെ 2011-12 വർഷത്തെ വരവ്-ചെലവ് കണക്ക് ലഭ്യമാക്കുമോ; | (ബി) | 31.03.2012-ലെ കണക്ക പ്രകാരം<br>വരവ് - 33520011 രൂപ<br>ചെലവ് - 30884862 രൂപ |
| (സി) | പ്രസ്തുത എഞ്ചിനീയറിംഗ് കോളേജിന് അനുവദിച്ച എം.ടെക് കോഴ്സ് കെട്ടിടം ഇല്ലാത്തതിന്റെ പേരിൽ തുടങ്ങാതിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ കോളേജിന് പുതിയ കെട്ടിടം പണിയുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; | (സി) | കെട്ടിടങ്ങളുടെ അപര്യാപ്തത മൂലം എം.ടെക് കോഴ്സ് ആരംഭിക്കുവാൻ സാധിക്കാത്ത സ്ഥിതിവിശേഷം ഉണ്ടായിട്ടില്ല. അനുവദിച്ച എം.ടെക് കോഴ്സ് ആരംഭിച്ചിട്ടുണ്ട്. |

.... 2/-

| | | | |
|---|---|---|---|
| (ഡി) | ഐ.എച്ച്.ആർ.ഡി യുടെ കീഴിൽ ചേന്നംപള്ളിപ്പുറത്ത് പ്രവർത്തിക്കുന്ന ടെക്നിക്കൽ എച്ച്.എസ്.എസിന് മതിയായ കെട്ടിടങ്ങൾ ഇല്ലായെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പുതിയ കെട്ടിടം പണിയുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ? | (ഡി) | ഐ.എച്ച്.ആർ.ഡി യുടെ കീഴിൽ ചേന്നംപള്ളിപ്പുറത്ത് പ്രവർത്തിക്കുന്ന ടെക്നിക്കൽ ഹയർ സെക്കന്ററി സ്കൂളിന് മതിയായ കെട്ടിട സൌകര്യങ്ങൾ ഉണ്ട്. |

സെക്ഷൻ ഓഫീസർ